"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതി - ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കൽ - പുതുക്കിയ പ്രവർത്തന കലണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1423/2022/LSGD തീയതി,തിരുവനന്തപുരം, 09-06-2022

പരാമർശം:-

1. സ.ഉ (കൈ) നം. 112/2020/തസ്വഭവ തീയതി 27/07/2020 നമ്പർ ഉത്തരവ്
2. സ.ഉ (സാധാ) നം. 358/2021/തസ്വഭവ തീയതി 09/02/2021 നമ്പർ ഉത്തരവ്
3. സ.ഉ (സാധാ) നം. 2086/2021/തസ്വഭവ തീയതി 25/10/2021 നമ്പർ ഉത്തരവ്

4 സ.ഉ (സാധാ) നം. 43/2022/തസ്വഭവ തീയതി 07012022 നമ്പർ ഉത്തരവ്

5 സ.ഉ (കൈ) നം. 38/2022/തസ്വഭവ തീയതി 25.02.2022 നമ്പർ ഉത്തരവ്

6 സ.ഉ (കൈ) നം. 64/2022/തസ്വഭവ തീയതി 21.03.2022 നമ്പർ ഉത്തരവ്

7 ബഹു. തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13.05.2022-ന് കൂടിയ ലൈഫ് പദ്ധതി പുരോഗതി അവലോകന യോഗത്തിലെ തീരുമാനം.

**ഉത്തരവ്**

ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെ പോയ അർഹരായ ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഓൺലൈനായി ലഭിച്ച അപേക്ഷകളുടെ ഫീൽഡ്തല പരിശോധന നടത്തി അന്തിമ പട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള നടപടിക്രമങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തന കലണ്ടറും പുതുക്കിയ പ്രവർത്തന കലണ്ടറും സൂചന 2, 3, 5, 6 എന്നിവ പ്രകാരം അംഗീകരിച്ച് സർക്കാർ ഉത്തരവാകുകയുയായി.

2. ഓൺലൈനായി ലഭിച്ച 9,20,260 അപേക്ഷകളുടെ ഫീൽഡ്തല പരിശോധനയിലൂടെ അർഹരായി കണ്ടെത്തിയ അപേക്ഷകളിൽ ലൈഫ് മിഷൻ ജില്ലാ കളക്ടർമാർക്ക് ലഭ്യമാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളിലെ ഭൂമിയുള്ള ഭവനരഹിതർ, ഭൂരഹിത ഭവനരഹിതർ, നഗരസഭകളിലെ ഭൂരഹിത ഭവനരഹിതർ എന്നിവരുടെ അപേക്ഷകളുടെ പുന:പരിശോധനയും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുള്ള നഗരസഭകളിലെ ഭൂമിയുള്ള ഭവനരഹിതരുടെ അപേക്ഷളുടെ പുന:പരിശോധനയും പൂർത്തിയാക്കി അർഹരുടെ കരട് മുൻഗണനാപട്ടികയും അനർഹരായവരുടെ പട്ടികയും സോഫ്റ്റ് വെയറിൽ നിന്ന് ഡൗൺലോഡ് ചെയ്ത് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം 4 തരം കരട് പട്ടികകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഭൂമിയുള്ള ഭവനരഹിതർ (അർഹർ)
ഭൂമിയുള്ള ഭവനരഹിതർ (അനർഹർ)
ഭൂരഹിത ഭവനരഹിതർ (അർഹർ)
ഭൂരഹിത ഭവനരഹിതർ (അനർഹർ)

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിൻപ്രകാരം ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിന് 2020 സെപ്റ്റംബർ 23 വരെ സ്വീകരിച്ച അപേക്ഷകളിന്മേൽ തുടർനടപടിക്ക് ചുവടെ ചേർക്കുന്ന പുതുക്കിയ പ്രവർത്തന കലണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പുതുക്കിയ പ്രവർത്തന കലണ്ടർ**

| നം. | പ്രവർത്തനങ്ങൾ | അവസാന തീയതി |
|---|---|---|
| 1 | ഒന്നാം ഘട്ട അപ്പീൽ (ഗ്രാമപഞ്ചായത്തു കളിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കും, നഗരസഭകളിൽ നഗരസഭ സെക്രട്ടറിക്കും സമർപ്പിക്കൽ) | 2022 ജൂൺ 17-നകം |
| 2 | ഒന്നാം ഘട്ട അപ്പീൽ തീർപ്പാക്കൽ | 2022 ജൂൺ 29-നകം |
| 3 | ഒന്നാം ഘട്ട അപ്പീലിന് ശേഷമുള്ള കരട് പട്ടിക പ്രസിദ്ധീകരിക്കൽ | 2022 ജൂലൈ 01 |
| 4 | രണ്ടാം ഘട്ട അപ്പീൽ (ജില്ലാ കളക്ടർക്ക് സമർപ്പിക്കൽ) | 2022 ജൂലൈ 08-നകം |
| 5 | രണ്ടാം ഘട്ട അപ്പീൽ തീർപ്പാക്കൽ | 2022 ജൂലൈ 20-നകം |
| 6 | രണ്ടാം ഘട്ട അപ്പീലിന് ശേഷമുള്ള കരട് പട്ടിക പ്രസിദ്ധീകരിക്കൽ | 2022 ജൂലൈ 22 |
| 7 | ഗ്രാമസഭാ/ വാർഡ്സഭ അംഗീകാരം | 2022 ആഗസ്റ്റ് 05-നകം |
| 8 | ഭരണസമിതി അംഗീകാരം | 2022 ആഗസ്റ്റ് 10-നകം |
| 9 | ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കൽ (വെബ് സൈറ്റിൽ ഉൾപ്പെടെ) | 2022 ആഗസ്റ്റ് 16 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ )/ഓഡിറ്റ്) തിരുവനന്തപുരം.
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Reenamma P A**
**Date: 09-06-2022 17:29:42**
സെക്ഷൻ ഓഫീസർ